108/2018

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **103149**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

108/2018

Maximum : 100 marks

Time : 1 hour and 15 minutes

1. ഒരു ചതുരപ്പെട്ടിയുടെ വ്യാപ്തം 1000 ഘനസെന്റീമീറ്റർ ആണ്. ഇതിന്റെ വശങ്ങളുടെ രണ്ട് മടങ്ങ് വശങ്ങളുള്ള ചതുരപ്പെട്ടിയുടെ വ്യാപ്തം എത്രയായിരിക്കും?
   - (A) 1000 ഘന.സെ.മീ.
   - (B) 2000 ഘന.സെ.മീ.
   - (C) 4000 ഘന.സെ.മീ.
   - (D) 8000 ഘന.സെ.മീ.

2. $\left(9\frac{1}{2}\right)^2$ എത്ര?
   - (A) $81\frac{1}{4}$
   - (B) $90\frac{1}{4}$
   - (C) $81\frac{1}{2}$
   - (D) 18

3. മാസാമാസം പണം നിക്ഷേപിക്കുന്ന ബാങ്കിൽ ആദ്യമാസം 1,000 രൂപയും പിന്നീടുള്ള ഓരോ മാസവും 100 രൂപയും വീതമാണ് അഖില പണം നിക്ഷേപിച്ചുവരുന്നത്. മൂന്നുവർഷം കഴിഞ്ഞാൽ അഖിലയ്ക്ക് എത്ര രൂപ തിരിച്ചു കിട്ടണം? (പലിശ കണക്കാക്കാതെ മുതൽ മാത്രം)
   - (A) 3,500
   - (B) 4,500
   - (C) 3,600
   - (D) 4,600

4. കർക്കിടകമാസത്തിൽ രാമായണം പുസ്തകത്തിന് 10% വിലക്കിഴിവ് നിശ്ചയിച്ചു. ഈ മാസം വാങ്ങുകയാണെങ്കിൽ 180 രൂപ മുഖവിലയുള്ള രാമായണം പുസ്തകത്തിന് എത്ര രൂപ കൊടുക്കേണ്ടിവരും?
   - (A) 170 രൂപ
   - (B) 190 രൂപ
   - (C) 162 രൂപ
   - (D) 198 രൂപ

5. $14.8 \times 15.2 =$
   - (A) 196.16
   - (B) 220.16
   - (C) 224.16
   - (D) 224.96

6. $7\frac{1}{2}$ മീറ്റർ നീളമുള്ള ഒരു ചരടിൽ നിന്നും $\frac{3}{4}$ മീറ്റർ നീളമുള്ള എത്ര കഷ്ണം ചരടുകൾ മുറിച്ചെടുക്കാം?
   - (A) 10
   - (B) 9
   - (C) 8
   - (D) 7

7. 38, 28, 22, 37, 26, 33, 32, 24 എന്നീ സംഖ്യകളുടെ ശരാശരി എത്ര?

(A) 240 (B) 80

(C) 30 (D) 40

8. ചുവടെ കൊടുത്ത 4 സംഖ്യകളിൽ ഒന്ന് കൂട്ടത്തിൽ പെടാത്തതാണ്. ആ സംഖ്യ ഏത്?

25, 49, 169, 225

(A) 25 (B) 49

(C) 169 (D) 225

9. ഒരു കച്ചവടത്തിനായി A യും B യും 1,50,000 രൂപയും 90,000 രൂപയും യഥാക്രമം മുതൽ മുടക്കി. ഒരു വർഷം കഴിഞ്ഞപ്പോൾ 32,000 രൂപ ലാഭം കിട്ടി. മുതൽ മുടക്കിന്റെ അതേ തോതിലാണ് രണ്ടുപേരും ലാഭം വീതിച്ചെടുത്തതെങ്കിൽ A യ്ക്ക് എത്ര രൂപ ലാഭവിഹിതം കിട്ടും?

(A) 20,000 (B) 12,000

(C) 15,000 (D) 9,000

10. 2018 ഓഗസ്റ്റ് 15 ഒരു ബുധനാഴ്ചയായിരുന്നു. 2020 ഓഗസ്റ്റ് 15 ഏതാഴ്ചയായിരിക്കും?

(A) ബുധൻ (B) വ്യാഴം

(C) ശനി (D) വെള്ളി

11. നിശബ്ദവസന്തം (Silent Spring) എന്ന കൃതിയുടെ രചയിതാവ് :

(A) മേരി ഓസ്റ്റിൻ (B) സാറാ ആൻഡ്രൂസ്

(C) റേച്ചൽ കാഴ്സൺ (D) ആനി ഡില്ലാർഡ്

12. WWF എന്ന പരിസ്ഥിതി സംഘടനയുടെ ലോഗോയിൽ കാണപ്പെടുന്ന ജീവി ഏത്?

(A) ഭീമൻ പാണ്ട (B) കടുവ

(C) ആന (D) സിംഹവാലൻ കുരങ്ങ്

13. മൈക്രോചിപ്പുകളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന ലോഹം ഏത്?

(A) ഈയം (B) കാഡ്മിയം

(C) ഇറിഡിയം (D) സിലിക്കൺ

14. ഖരപദാർത്ഥങ്ങൾ താപം സ്വീകരിച്ച് നേരിട്ട് വാതകമായി മാറുന്ന പ്രക്രിയ :

(A) ദ്രവീകരണം (B) ഉത്പതനം

(C) സാന്ദ്രീകരണം (D) ബാഷ്പീകരണം

15. ഹൃദയത്തെ പൊതിഞ്ഞു സംരക്ഷിക്കുന്ന ഇരട്ടസ്തരം :

(A) പെരികാർഡിയം (B) പെരിട്ടോണിയം
(C) മയോകാർഡിയം (D) മെനിഞ്ചസ്

16. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് അല്ലാത്തത് ഏത്?

(A) തിരമാല (B) കാറ്റ്
(C) മണ്ണെണ്ണ (D) സൗരോർജ്ജം

17. മലിനജലത്തിലൂടെ പകരുന്ന രോഗം കണ്ടെത്തി എഴുതുക :

(A) മന്ത് (B) എലിപ്പനി
(C) ജലദോഷം (D) കുഷ്ഠം

18. ആഹാരഘടകങ്ങൾ ശരീരത്തിന്റെ ഭാഗമാക്കുന്ന പോഷണപ്രക്രിയയിലെ ഘട്ടം ഏത്?

(A) ആഗിരണം (B) ആഹാരസ്വീകരണം
(C) ദഹനം (D) സ്വാംശീകരണം

19. ദേശീയ ഊർജ്ജ സംരക്ഷണ ദിനം :

(A) ഡിസംബർ 14 (B) നവംബർ 12
(C) മാർച്ച് 21 (D) ഒക്ടോബർ 3

20. BCG കുത്തിവെയ്പ്പ് ഏത് രോഗത്തെയാണ് പ്രതിരോധിക്കുന്നത്?

(A) ചിക്കൻപോക്സ് (B) ക്ഷയം
(C) വില്ലൻചുമ (D) മുണ്ടിനീര്

21. തന്നിരിക്കുന്ന ജീവികളിൽ നിന്ന് പ്രാഥമിക ഉപഭോക്താവിനെ തെരഞ്ഞെടുക്കുക :

(A) പുല്ല് (B) ഓന്ത്
(C) തവള (D) മാൻ

22. ശരീര തുലനനിലയുമായി ബന്ധപ്പെട്ട തലച്ചോറിന്റെ ഭാഗം ഏത്?

(A) സെറിബ്രം (B) സെറിബെല്ലം
(C) തലാമസ് (D) മെഡുല്ല ഒബ്ലോംഗേറ്റ

23. ശാസ്ത്രീയമായി മുയലുകളെ വളർത്തുന്ന പ്രക്രിയ ഏത്?

(A) പിസികൾച്ചർ (B) എപ്പികൾച്ചർ
(C) ക്യൂണികൾച്ചർ (D) സെറികൾച്ചർ

24. അടിച്ചുപരത്തി കനംകുറഞ്ഞ തകിടുകളാക്കി മാറ്റാൻ സാധിക്കുന്ന ലോഹങ്ങളുടെ സവിശേഷതയ്ക്ക് പറയുന്ന പേര് എന്ത്?

(A) മാലിയബിലിറ്റി (B) ഡക്റ്റിലിറ്റി

(C) ലോഹദ്യുതി (D) സൊണോരിറ്റി

25. വിറ്റാമിൻ C യുടെ അഭാവം മൂലമുണ്ടാകുന്ന രോഗം ഏത്?

(A) പെല്ലാഗ്ര (B) കണ

(C) സ്കർവ്വി (D) ബെറിബെറി

26. ദ്രവണാങ്കം കൂടിയ ലോഹം കണ്ടെത്തി എഴുതുക :

(A) ക്രോമിയം (B) വെള്ളി

(C) ഇരുമ്പ് (D) ടങ്സ്റ്റൺ

27. ഇരുമ്പ് തുരുമ്പിക്കുമ്പോഴുണ്ടാകുന്ന രാസസംയുക്തം ഏത്?

(A) അയൺ നൈട്രൈഡ് (B) അയൺ ഓക്സൈഡ്

(C) അയൺ സൽഫൈഡ് (D) അയൺ കാർബൈഡ്

28. പ്രകാശസംശ്ലേഷണ ഫലമായി സസ്യങ്ങളിൽ ആഹാരം നിർമ്മിക്കപ്പെടുന്നത് ഏത് രൂപത്തിലാണ്?

(A) അന്നജം (B) ലാക്ടോസ്

(C) പ്രോട്ടീൻ (D) ഗ്ലൂക്കോസ്

29. പൊള്ളലേറ്റ ആൾക്ക് നൽകുന്ന പ്രഥമശുശ്രൂഷ എന്ത്?

(A) പൊള്ളലേറ്റ ഭാഗത്ത് തുടർച്ചയായി തണുത്ത വെള്ളം ഒഴിക്കുക

(B) പൊള്ളലേറ്റ ഭാഗത്ത് ഐസ് വയ്ക്കുക

(C) പൊള്ളിയ ഭാഗത്ത് ഒട്ടിപ്പിടിച്ചിരിക്കുന്ന തുണി നീക്കം ചെയ്യുക

(D) പൊള്ളലേറ്റ ഭാഗത്ത് ഏതെങ്കിലും ലേപനം പുരട്ടുക

30. നിക്കൽ, അയൺ, ക്രോമിയം എന്നീ ലോഹങ്ങളുടെ സങ്കരം :

(A) ബ്രാസ് (B) ബ്രോൺസ്

(C) നിക്രോം (D) അൽകിനോ

31. കേരള സർക്കാർ 2018 ൽ പ്രഖ്യാപിച്ച മികച്ച നടനുള്ള പുരസ്ക്കാരം ഇന്ദ്രൻസിന് നേടിക്കൊടുത്ത ചലച്ചിത്രം ഏത്?

(A) ഒറ്റയാൾ (B) ഒറ്റമുറിവെളിച്ചം

(C) ഒരാൾപ്പൊക്കം (D) ആളൊരുക്കം

32. സൂര്യനെക്കുറിച്ച് പഠിയ്ക്കാൻ ഇന്ത്യ അയക്കാനുദ്ദേശിക്കുന്ന പ്രഥമ ഉപഗ്രഹദൗത്യത്തിന്റെ പേര് :

(A) സോളാർ പ്രോബ് പ്ലസ്
(B) ആദിത്യ - എൽ - 1
(C) രവി - എൽ - 1
(D) സൂര്യയാൻ - എൽ - 1

33. കമൽഹാസൻ രൂപീകരിച്ച രാഷ്ട്രീയപാർട്ടി ഏതാണ്?

(A) ദ്രാവിഡ മക്കൾ കഴകം
(B) മക്കൾ മുന്നേറ്റ കഴകം
(C) മക്കൾ നീതി മയ്യം
(D) ജസ്റ്റിസ് പാർട്ടി

34. പോർച്ചുഗീസ് ആധിപത്യത്തിൽ നിന്ന് ഗോവയെ മോചിപ്പിയ്ക്കാൻ 1961 ൽ ഇന്ത്യൻ സൈന്യം നടത്തിയ ദൗത്യം ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) ഓപ്പറേഷൻ വിജയ്
(B) ഓപ്പറേഷൻ ബ്ലൂസ്റ്റാർ
(C) ഓപ്പറേഷൻ ബ്ലാക് തണ്ടർ
(D) ഓപ്പറേഷൻ കരുണ

35. ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ സാക്ഷര നഗരമായി കോട്ടയം പ്രഖ്യാപിയ്ക്കപ്പെട്ടത് ഏത് വർഷം?

(A) 1989
(B) 1990
(C) 1991
(D) 1992

36. ആരുടെ ചരമദിനമാണ് കേരളത്തിൽ 'വായനാദിന'മായി ആചരിക്കുന്നത്?

(A) കെ.എം. പണിക്കർ
(B) കെ.സി.എസ്. പണിക്കർ
(C) പി.എൻ. പണിക്കർ
(D) കെ.പി.എസ്. മേനോൻ

37. ഭിന്നശേഷിയ്ക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് കേരള സർക്കാർ 2017 ൽ തുടങ്ങിയ പദ്ധതിയാണ് :

(A) സൗഭാഗ്യ
(B) കാരുണ്യ
(C) അനുയാത്ര
(D) കൈത്താങ്ങ്

38. ആരുടെ രചനയാണ് "ഇന്ത്യ-എ വൂണ്ടഡ് സിവിലൈസേഷൻ"?

(A) അരുന്ധതി റോയ്
(B) അനിതാ നായർ
(C) ആർ.കെ. നാരായൺ
(D) വി.എസ്. നയ്പോൾ

39. ചൈനയ്ക്ക് 99 വർഷത്തെ പാട്ടത്തിന് വിട്ടുകൊടുത്ത ശ്രീലങ്കൻ തുറമുഖം ഏതാണ്?

(A) ഹംബൻടോട്ട
(B) ചാബഹാർ
(C) സിറ്റ്വേ
(D) ഗ്വാദാർ

40. ആസൂത്രണകമ്മീഷനു പകരം 2015 ജനുവരി 1 ന് നിലവിൽവന്ന പുതിയ സംവിധാനം ഏത്?

(A) റൂസ
(B) നീതി ആയോഗ്
(C) നാഷണൽ ടെസ്റ്റിംഗ് ഏജൻസി
(D) ഹീര

41. ഏതൊക്കെ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തീവണ്ടിയാണ് ''മൈത്രി-എക്സ്പ്രസ്സ്''?

(A) ഡൽഹി - ലാഹോർ
(B) കൊൽക്കത്ത - ഡാക്ക
(C) കൊൽക്കത്ത - ഖുൽന
(D) ജനക്പൂർ - ജയ്നഗർ

42. ആലുവയിലെ അദ്വൈതാശ്രമം സ്ഥാപിച്ചതാര്?

(A) ശങ്കരാചാര്യർ
(B) വാഗ്ഭടാനന്ദൻ
(C) ബ്രഹ്മാനന്ദ ശിവയോഗി
(D) ശ്രീനാരായണഗുരു

43. ആറു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം മൗലികാവകാശമായി അംഗീകരിയ്ക്കപ്പെട്ടത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെ ആണ്?

(A) 86-ാം ഭേദഗതി
(B) 42-ാം ഭേദഗതി
(C) 92-ാം ഭേദഗതി
(D) 93-ാം ഭേദഗതി

44. താഴെ നല്കിയിരിക്കുന്നതിൽ ഏതായിരുന്നു 2018 ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ ഭാഗ്യചിഹ്നം?

(A) ഭിൻഭിൻ
(B) കാക
(C) സാബിവാക്ക
(D) അതുംഗ്

45. 'ചൂർണി' എന്ന് പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന കേരളത്തിലെ നദിയേത്?

(A) പമ്പ
(B) നിള
(C) പെരിയാർ
(D) കബനി

46. ആറളം വന്യജീവി സങ്കേതം ഏത് ജില്ലയിലാണ്?

(A) കാസർഗോഡ്
(B) കണ്ണൂർ
(C) വയനാട്
(D) കോഴിക്കോട്

47. ''ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ....?'' എന്ന പ്രകൃതിസംരക്ഷണ സന്ദേശഗാനം ആരുടെ രചനയാണ്?

(A) ഇഞ്ചക്കാട് ബാലചന്ദ്രൻ
(B) സുഗതകുമാരി
(C) മുരുകൻ കാട്ടാക്കട
(D) പവിത്രൻ തീക്കുനി

48. 'പ്രധാൻമന്ത്രി സുരക്ഷാ ബീമയോജന'യുടെ വാർഷികപ്രീമിയം എത്ര രൂപയാണ്?

(A) 24
(B) 330
(C) 101
(D) 12

49. 'മിസൈൽ വുമൺ' എന്നറിയപ്പെടുന്ന മലയാളി വനിത ആരാണ്?

(A) ഡോ. ലളിതാംബിക

(B) ഡോ. ജാൻസി ജെയിംസ്

(C) ഡോ. ടെസ്സി തോമസ്സ്

(D) ഡോ. ഉഷ ടൈറ്റസ്

50. വൈക്കം സത്യാഗ്രഹത്തിൽ സജീവമായി പങ്കെടുത്ത തമിഴ്നാട്ടിൽ നിന്നുള്ള സാമൂഹ്യ പരിഷ്ക്കർത്താവ് :

(A) സുബ്രഹ്മണ്യഭാരതി

(B) കാമരാജ്

(C) സി.എൻ. അണ്ണാദുരൈ

(D) ഇ.വി. രാമസ്വാമി

51. യുനെസ്കോ അംഗീകരിച്ച പൈതൃക കലാരൂപങ്ങളുടെ പട്ടികയിൽ ഇടംപിടിച്ച രണ്ട് കേരളീയ കലാരൂപങ്ങൾ ഏവ?

(A) കൂടിയാട്ടവും കഥകളിയും

(B) മുടിയേറ്റും കൂടിയാട്ടവും

(C) മുടിയേറ്റും പടയണിയും

(D) കഥകളിയും പടയണിയും

52. 'ബച്പൻ ബച്ചാവോ ആന്ദോളൻ' എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ആരാണ്?

(A) കൈലാഷ് സത്യാർത്ഥി

(B) മേധാ പട്കർ

(C) മലാല യൂസഫ് സായ്

(D) വിനോബാഭാവെ

53. മലയാളി കായികതാരം രഞ്ജിത് മഹേശ്വരി ഒളിമ്പിക്സിൽ മത്സരിച്ചത് ഏത് ഇനത്തിലാണ്?

(A) ഹൈ ജംപ്

(B) ലോംഗ് ജംപ്

(C) പോൾ വാൾട്ട്

(D) ട്രിപ്പിൾ ജംപ്

54. എന്തിനുവേണ്ടിയുള്ള പ്രവർത്തനമാണ് കല്ലേൽ പൊക്കുടനെ പ്രശസ്തനാക്കിയത്?

(A) പുഴ മലിനീകരണം തടയുവാൻ

(B) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന്

(C) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുവാൻ

(D) സിംഹവാലൻ കുരങ്ങുകളുടെ സംരക്ഷണത്തിന്

55. 1972 ൽ കേരളത്തിൽ നടപ്പിലാക്കിയ 'ലക്ഷംവീട്' പദ്ധതിയുടെ മുഖ്യസൂത്രധാരൻ ആരായിരുന്നു?

(A) എം.എൻ. ഗോവിന്ദൻ നായർ

(B) സി.എച്ച്. മുഹമ്മദ് കോയ

(C) കെ.ആർ. ഗൗരിയമ്മ

(D) ബേബി ജോൺ

56. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിയ്ക്കപ്പെടുന്ന ജില്ല ഏതാണ്?

(A) തൃശ്ശൂർ

(B) കാസർഗോഡ്

(C) കോഴിക്കോട്

(D) തിരുവനന്തപുരം

57. താഴെ പറയുന്നവരിൽ ആരാണ് മയ്യഴി വിമോചനസമരനേതാവ്?

(A) എ.കെ. ഗോപാലൻ
(B) ഐ.കെ. കുമാരൻ മാസ്റ്റർ
(C) എം. മുകുന്ദൻ
(D) കെ. കേളപ്പൻ

58. തീരദേശത്തെ യുവതീയുവാക്കൾക്ക് നൈപുണ്യപരിശീലനം നല്കുവാനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഏത് പദ്ധതിയാണ് കുടുംബശ്രീയിലൂടെ കേരളത്തിൽ നടപ്പാക്കി തുടങ്ങിയത്?

(A) ഹർഷം
(B) സഹയാത്ര
(C) സ്നേഹിത
(D) സാഗർമാല

59. നല്കിയിരിക്കുന്നവയിൽ ചെമ്മനം ചാക്കോയുടെ കവിതയേത്?

(A) ആളില്ലാകസേരകൾ
(B) വാക്കിന്റെ മരണം
(C) കണ്ണട
(D) തോന്ന്യാക്ഷരങ്ങൾ

60. ഏത് പലഹാരമാണ് ഇംഗ്ലീഷിൽ 'സ്ട്രിംഗ് ഹോപ്പേഴ്സ്' (STRING HOPPERS) എന്നറിയപ്പെടുന്നത്?

(A) ജിലേബി
(B) അച്ചപ്പം
(C) ഇടിയപ്പം
(D) അരിമറുക്ക്

61. 'വാജിവാഹനൻ അയ്യപ്പൻ' - ഇതിലെ 'വാജി' എന്ന പദം അർത്ഥമാക്കുന്നതെന്ത്?

(A) കടുവ
(B) പുലി
(C) കുതിര
(D) ആന

62. 'കൃതജ്ഞത' എന്ന വാക്കിന് വിപരീതപദമായി യോജിക്കുന്നത് ഏത്?

(A) സ്വാഗതം
(B) ഉപക്രമം
(C) അധ്യക്ഷത
(D) കൃതഘ്നത

63. താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

(A) വെള്ളപ്പൊക്കത്തിൽ ഏകദേശം നൂറോളം വീടുകൾ ഒലിച്ചു പോയി
(B) വെള്ളപ്പൊക്കത്തിൽ നൂറോളം വീടുകൾ ഒലിച്ചുപോയി
(C) ഏകദേശം നൂറ് വീടുകളോളം വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയി
(D) നൂറോളം വീടുകൾ വെള്ളത്തിൽ ഏകദേശം ഒലിച്ചു പോയി

64. 'പമ്പകടക്കുക' എന്ന ശൈലിയുടെ പൊരുൾ എന്ത്?

(A) ലക്ഷ്യസ്ഥാനത്തെത്തുക

(B) വ്യർത്ഥമായ പരിശ്രമം ചെയ്യുക

(C) തിരികെ വരാത്തവണ്ണം ദൂരത്താവുക

(D) ശബരിമലയ്ക്ക് സമീപം എത്തുക

65. താഴെപ്പറയുന്നവയിൽ അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്യാത്തതല്ലാത്ത ചലച്ചിത്രം ഏത്?

(A) സ്വയംവരം (B) നിർമ്മാല്യം

(C) എലിപ്പത്തായം (D) കൊടിയേറ്റം

66. 'താഴ്‌വര' എന്ന പദം വിഗ്രഹിച്ച് എഴുതിയാൽ കിട്ടുന്നത് :

(A) താഴുള്ള വര (B) വരയുള്ള താഴ്ഭാഗം

(C) വരയുടെ താഴ്ഭാഗം (D) താഴെയാകുന്ന വര

67. ബഹുവചന സ്വഭാവമുള്ള പദം ഏത്?

(A) സ്വാമികൾ (B) വൈദ്യർ

(C) തിരുവടികൾ (D) അദ്ധ്യാപകർ

68. 'Semicolon' എന്നതിന് സമാനമായ മലയാള പദം ഏത്?

(A) അർദ്ധവിരാമം (B) വലയം

(C) അങ്കുശം (D) അല്പവിരാമം

69. ശ്രീ. മന്നത്തു പത്മനാഭന്റെ സമാധിസ്ഥലം എവിടെ?

(A) ശിവഗിരി-വർക്കല (B) പൻമന-കരുനാഗപ്പള്ളി

(C) പെരുന്ന-ചങ്ങനാശ്ശേരി (D) പല്ലന-കുമാരകോടി

70. ശരിയായ പദമേത്?

(A) അസ്തമയം (B) വിമ്മിഷ്ടം

(C) കയ്യക്ഷരം (D) സാമ്രാട്ട്

71. Choose the synonym of the word "bewilder" :

(A) Frighten
(B) Perplex
(C) Push
(D) Force

72. Find the antonym of "frugal" from the following :

(A) Charitable
(B) Extravagant
(C) Generous
(D) Lovable

73. Even a ————— glance will reveal the real truth in the picture.

(A) Crude
(B) Critical
(C) Curious
(D) Cursory

74. 'Fear of blood' is called :

(A) Hemophobia
(B) Heliophobia
(C) Basophobia
(D) Barophobia

75. His father ————— when he was just a little boy.

(A) is dead
(B) dead
(C) died
(D) has dead

76. I was invited ————— the party by his parents.

(A) to
(B) for
(C) with
(D) at

77. Choose correctly spelt word from among the following :

(A) Cummittee
(B) Committee
(C) Commettee
(D) Commitee

78. Although his army was losing the battle, the brave general refused to :

(A) give away
(B) give on
(C) give in
(D) give out

79. Choose the meaning for the given idiom "To give a wide berth" :

(A) To try
(B) To labour
(C) To punish
(D) To avoid

80. There was a serious ————— between the two sisters.

(A) Alliteration
(B) Alteration
(C) Altercation
(D) Aberration

81. ഹൈന്ദവസംസ്ക്കാരത്തിന്റെ പ്രമാണ ഗ്രന്ഥം :

(A) ഭഗവത്ഗീത
(B) രാമായണം
(C) മഹാഭാരതം
(D) വേദം

82. മഹാദേവൻ (ശിവൻ) വിഷപാനം നടത്തിയത് എപ്പോൾ?

(A) പാലാഴി മഥനസമയത്ത്
(B) സതീവിയോഗ സമയത്ത്
(C) മുരുകൻ കൈലാസം ഉപേക്ഷിച്ചപ്പോൾ
(D) പാർവ്വതി മഹാദേവ സന്നിധി വിട്ടപ്പോൾ

83. ആദിശങ്കരാചാര്യരുടെ ജന്മദേശം :

(A) കാശി
(B) ഗയ
(C) കാലടി
(D) പുരി

84. രാമായണത്തിലെ ഏറ്റവും മഹത്തായ ഉപദേശം ആരുടേത്?

(A) കൗസല്യ
(B) സുമിത്ര
(C) സീത
(D) മൈത്രേയി

85. പിതൃകർമ്മത്തെപ്പറ്റി വിവരിക്കുന്ന പുരാണം ഏത്?

(A) മത്സ്യപുരാണം
(B) ഭവിഷ്യത്ത് പുരാണം
(C) ഗരുഡപുരാണം
(D) നാരദ പുരാണം

86. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നത് :

(A) ഈശ്വരനെ
(B) ദേവതകളെ
(C) ദൈവത്തെ
(D) പരാശക്തിയെ

87. അയോനിജനായ ഒരു മഹർഷി ശ്രേഷ്ഠൻ :

(A) വാത്മീകി
(B) ശരഭംഗൻ
(C) അഗസ്ത്യൻ
(D) വസിഷ്ഠൻ

88. കാനനവാസിയായ അയ്യപ്പൻ പ്രതിഷ്ഠിക്കപ്പെട്ട അവസ്ഥ :

(A) യോദ്ധാവ്
(B) ശാന്തസ്വരൂപൻ
(C) നൈഷ്ഠിക ബ്രഹ്മചാരി
(D) താപസൻ

89. ഭദ്രകാളിയുടെ അവതാരം എവിടെനിന്ന്?

(A) ശിവനേത്രത്തിൽ നിന്ന്
(B) യാഗാഗ്നിയിൽ നിന്ന്
(C) സതീദേഹത്തുനിന്ന്
(D) സ്വർഗ്ഗത്തുനിന്ന്

90. തൃപ്പൂത്ത് എന്ന അത്ഭുത പ്രതിഭാസം നടക്കുന്ന ക്ഷേത്രം :

(A) തൃപ്പക്കുടം ക്ഷേത്രം
(B) ചെങ്ങന്നൂർ മഹാദേവ ക്ഷേത്രം
(C) തൃപ്പുലിയൂർ ക്ഷേത്രം
(D) കുമാരനല്ലൂർ കാർത്ത്യായനി ക്ഷേത്രം

91. ദേവവിഗ്രഹവും പീഠവും തമ്മിൽ യോജിപ്പിക്കുന്ന വസ്തു :

(A) പഞ്ചഗവ്യം
(B) അഷ്ടബന്ധം
(C) അഷ്ടഗന്ധം
(D) ശുദ്ധി ചെയ്ത അരക്ക്

92. ക്ഷേത്രകലയായ കൂത്തിന് ഉപയോഗിക്കുന്ന വാദ്യം :

(A) ചെണ്ട
(B) മദ്ദളം
(C) ഇടയ്ക്ക
(D) മിഴാവ്

93. കലശപൂജയിങ്കൽ നടത്തേണ്ടതായ വാദ്യം :

(A) ചെണ്ടമേളം
(B) തകിൽ
(C) പഞ്ചവാദ്യം
(D) അസുരവാദ്യം

94. ക്ഷേത്രത്തിൽ ഉത്സവം എന്തിനുവേണ്ടി നടത്തുന്നു?

(A) ഭക്തജന സന്തോഷത്തിന്
(B) മാനസികോല്ലാസത്തിന്
(C) ദേവചൈതന്യവർദ്ധനവിന്
(D) ഭക്തജന ഐക്യത്തിന്

95. ശംഖധ്വനി എന്തിനെ പ്രതിനിധീകരിക്കുന്നു?

(A) ഹുംകാരം
(B) ഓംകാരം
(C) ഹ്രീംകാരം
(D) ശബ്ദഘോഷം

96. തന്ത്രി, ദേവന്റെ പിതൃസ്ഥാനീയനാകുന്നതെങ്ങനെ?

(A) കലശപൂജ
(B) വിഗ്രഹപ്രതിഷ്ഠ
(C) പ്രാണപ്രതിഷ്ഠ
(D) ആചാര്യവരണം

97. നിവേദ്യത്തിന് ഒഴിച്ചുകൂടരുതാത്ത ദ്രവ്യം :

(A) അരി
(B) ശർക്കര
(C) നെയ്യ്
(D) കദളിപ്പഴം

98. ക്ഷേത്രത്തിൽ ദർശനത്തിന് പോകുമ്പോൾ മുഖ്യമായി പാലിക്കേണ്ട ശുദ്ധികൾ എത്ര?

(A) മൂന്ന്
(B) അഞ്ച്
(C) ഒന്ന്
(D) ഏഴ്

99. അരയാൽ വൃക്ഷത്തിന്റെ മഹത്വം :

(A) തണൽ
(B) ശീതളിമ
(C) ഓസോൺ പാളി സ്വയം നിർമ്മിക്കുന്നു
(D) ഔഷധം

100. വിഷ്ണുസഹസ്രനാമം ഉപദേശിച്ചത് ആര്?

(A) ശ്രീകൃഷ്ണൻ
(B) വസിഷ്ഠൻ
(C) ഭീഷ്മർ
(D) വിദുരർ